# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎംപി14-1597/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 09/02/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎംപി14-1597/21 തീയ്യതി: 09/02/2022

## കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 24-11-2020 | 07-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-11-2021 | 07-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലേഖ വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.സൂനിത എം എസ് , അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുജ ബാബു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ വിജി വെള്ളൂപ്പറമ്പിൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ മുഹമ്മദ് റഖീബ് റ്റി.എസ്. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ നോബി ഐസക് | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ സുഭാഷ് എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ഡാർലി ചെറിയാൻ | എം.ഒ. ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി അന്ന കുമാരൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ഹരികുമാർ | എം.ഒ. ആയുർവേദ | 01-04-2020 | 31-03-2021 |
| ഡോ. ജിസ് ഫ്രാൻസിസ് | എം.ഒ.പിഎച്ച്സി | 01-04-2020 | 31-03-2021 |
| ശ്രീമതി ബ്ലെസ്സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രീതി എ ദാമോദരൻ | വെറ്ററിനറി ഡോക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഓമന എം.ഡി. | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ അജേഷ് വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 04-03-2021 |
| ശ്രീ ടോമിൻ ജോർജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-03-2021 | 31-03-2021 |
| ശ്രീ സൈജു ഒ.ബി. | അസി. എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീമതി ദയ പുരുഷോത്തമൻ | അസി. എഞ്ചിനീയർ | 01-07-2020 | 13-10-2020 |
| ശ്രീ ആദർശ് എസ്. പി. | അസി. എഞ്ചിനീയർ | 14-10-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Joshy Thomas (Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Joshy Thomas (Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunitha M S (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Lekha V (Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-10 |
| 11 | ബാങ്ക് അക്കൗണ്ടുകൾ ക്രയവിക്രയമില്ലാതെ തുടരുന്നു<br>Written By: Joshy Thomas (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-11 |
| 12 | റികൺസിലിയേഷൻ നടപടികളിലെ അപാകതകൾ<br>Written By: Joshy Thomas (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-12 |
| 13 | തെറ്റായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണയിച്ചു<br>Written By: Joshy Thomas (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-13 |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് റെസിഡൻഷ്യൽ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചു<br>Written By: Joshy Thomas (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-14 |
| 15 | ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന് കുറഞ്ഞനിരക്കിൽ നികുതി നിർണയിച്ചു<br>Written By: Joshy Thomas (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-15 |
| 16 | തൊഴിൽ നികുതി അടവാക്കുന്നില്ല<br>Written By: Joshy Thomas (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-02-2022) | 1-16 |

| | | |
|---|---|---|
| 17 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല<br>Written By: P B Shajimon (Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-17 |
| 18 | കൃഷി ഓഫീസറുടെ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: P B Shajimon (Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-18 |
| 19 | വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകളുടെ അപാകതകൾ<br>Written By: P B Shajimon (Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-19 |
| 20 | എ.ബി.സി. പ്രോഗ്രാം- വിനിയോഗ വിവരം ലഭ്യമായില്ല<br>Written By: P B Shajimon (Auditor, On 08-12-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 09-02-2022) | 1-20 |
| 21 | പിഎച്ച്സി, പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല<br>Written By: Joshy Thomas (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-02-2022) | 1-21 |
| 22 | ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂരഹിതഭവനരഹിത ഗുണഭോക്താവിന് സ്ഥലം വാങ്ങി നൽകിയത് - എഗ്രിമെന്റ് പ്രകാരമുള്ള സ്ഥലം ലഭിച്ചില്ല<br>Written By: P B Shajimon (Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-02-2022) | 1-22 |
| 23 | നടപടിക്രമങ്ങൾ പാലിക്കാതെ ഗുണഭോക്താവിന്റേതല്ലാത്ത അക്കൗണ്ടിലേക്ക് തുക അനുവദിച്ചു.<br>Written By: P B Shajimon (Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-02-2022) | 1-23 |
| 24 | സേവനപുസ്തകത്തിൽ ആർജ്ജിതാവധി കണക്ക് രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു<br>Written By: Sunitha M S (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-02-2022) | 1-24 |
| 25 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-25 |
| 26 | കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ അലംഭാവം<br>Written By: Lekha V (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-02-2022) | 1-26 |
| 27 | കോവിഡ് പ്രതിരോധപ്രവർത്തനം -അവലോകനം<br>Written By: Sunitha M S (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-27 |
| 28 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡിപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Lekha V (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-28 |
| 29 | ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല<br>Written By: Sunitha M S (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-29 |
| 30 | നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല<br>Written By: Sunitha M S (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-30 |
| 31 | വാര്യാനിക്കാട് അങ്കണവാടി മെയിന്റനൻസ് - അപാകതകൾ<br>Written By: Sunitha M S (Senior Grade Auditor, On 08-12-2021) | 1-31 |

| | | |
|---|---|---|
| | Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 09-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-2021 വർഷത്തെ പുതുക്കിയ ബജറ്റ് 12.2.2021 ലെ 10(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 9136816 | 14850306 |
| വരവ് | 106699140 | 72124340 |
| ആകെ | 115835956 | 86974646 |
| ചെലവ് | 105512000 | 79293371 |
| നീക്കിയിരിപ്പ് | 10323956 | 7681275 |

ബജറ്റ് പ്രകാരം 10.66 കോടി രൂപയുടെ പ്രതീക്ഷിത വരവും 10.55 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 10.65 കോടി രൂപയും ചെലവ് 10.05 കോടി രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ(എം.എസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. B-18 ഷെഡ്യൂളിലെ Advance To Implementing Agencies - Deposit With Kerala Electricity Board തൻ വർഷം ഡെപ്പോസിറ്റ് ചെയ്ത തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

5. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകളിൽ പൂർണമായ രേഖപ്പെടുത്തലുകളില്ല.

6. 'Advance To Others' എന്ന B-18 ഷെഡ്യൂളിലെ തുകയായ 64119 രൂപ 2014-15 വർഷം മുതൽ 2017-18 വർഷം വരെ എംജിഎൻആർഇജിഎ ഹോണറേറിയം. ടെലിഫോൺ ചാർജ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി നൽകിയിട്ടുള്ള തുകകളായാണ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ക്രമീകരിക്കാതെ അവശേഷിക്കുന്നു.

7. 'Advance To Implementing Officers' എന്ന B-18 ഷെഡ്യൂളിലെ തുകയായ 100340 രൂപ 2016-17 ൽ മെഡിക്കൽ ഓഫീസർ പിഎച്ച്സിക്ക് പാലിയേറ്റീവ് കെയർ, എൻ എച്ച് എം സ്റ്റാഫ് ഹോണറേറിയത്തിനായി നൽകിയ തുകകളായാണ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ക്രമീകരിക്കാതെ അവശേഷിക്കുന്നു. 2020-21 ൽ പ്രീമൺസൂൺ ക്ലീനിംഗിനായി നൽകിയ തുക ക്രമീകരിച്ചിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ ആയത് ക്രമീകരിച്ചിട്ടില്ല.

8. Other Advances എന്ന B-18 ഷെഡ്യൂളിലെ 34620/- 2013-14 മുതൽ 2018-19 വരെ വിവിധ

ചെലവുകൾക്കായി നൽകിയ തുകകൾ ക്രമീകരിക്കാതെയോ റീക്ലപ്പ് ചെയ്യാതെയോ അവശേഷിക്കുന്നവയാണ്.

9. ലേലം/ഓഡിറ്റോറിയം,ഹാൾ വാടക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ ഈയിനങ്ങളിലെ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

10. എം.ജി.എൻ.ആർ.ഇ.ജി.എസ് വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവു ചെലവു കണക്കുകൾ ലഭ്യമാക്കിയ കാഷ് ബുക്കുപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

11. B-4 ഷെഡ്യൂളിലെ Centrally Sponsored Scheme- Western Ghat Development Scheme (WGDP) എന്ന ഹെഡിൽ 407,106 രൂപ അവശേഷിക്കുന്നു. 2020-21 ൽ അസി.എഞ്ചിനീയർ നിർവഹണം നടത്തിയ 190/21 എന്ന പ്രൊജക്ട് പ്രകാരം 396052 തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയത് വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

12. തൊഴിൽ നികുതി-ട്രേഡേഴ്സ് ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14850306 |
| ഓഡിറ്റ് വർഷത്തെ വരവ് | 72124340 |
| ആകെ | 86974646 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79293371 |
| നീക്കിയിരിപ്പ് | 7681275 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 941943 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13702027 | 13702027 | 13702027 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 2862930 | 2862930 | 2862930 | 0 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 398602 | 398602 | 280109 | 118493 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 4910000 | 4910000 | 2609858 | 2300142 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 8071754 | 8071754 | 7722624 | 349130 |
| മെയിന്റനൻസ് ഗ്രാന്റ് | 0 | 12369000 | 12369000 | 12369000 | 0 |

| | | | | | |
|---|---|---|---|---|---|
| (റോഡ്) | | | | | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 3912000 | 3912000 | 3308267 | 603733 |
| ഐസിഡിഎസ് | 104976 | 580684 | 685660 | 361913 | 32374 |

ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ് സി പി, ടി എസ് പി തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

വികസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതത്തിൽനിന്ന് 2997921/-രൂപയും എസ് സി പി വിഹിതത്തിൽ നിന്ന് 58588 രൂപയും ടിഎസ് പി വിഹിതത്തിൽ നിന്ന് 14627 രൂപയും ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

ഡെവലപ് മെന്റ് ഫണ്ട് പൊതുവിഭാഗത്തിൽ 3.8.20 ൽ ലഭിച്ച അലോട്ട്മെന്റ് വിഹിതത്തിൽ നിന്നും സ്രോതസിൽ നിന്നും കുറവ് ചെയ്ത അങ്കൻവാടി അധികവേതനം (ചെലവ്- 292000) തുക സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 26.2.2021ലെ ഉത്തരവ് നം.80898/20/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 21.12.2019 |
| | |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 1.2.20 മുതൽ9.220 വരെ |
| ഊരുകൂട്ടം /വയോജന /ഭിന്നശേഷി ഗ്രാമസഭ | 11.2.20 |

2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 119796751/- രൂപയും ആകെ ചെലവ് 5,76,11,680/- രൂപയുമാണ്. ചെലവുശതമാനം 48.09%

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്റ്റുകൾ | നടപ്പിലാക്കിയ പ്രോജക്റ്റുകൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 13 | 2201160 | 1941734 | 88.2 |
| വെറ്ററിനറി സർജൻ | 8 | 8 | 2872500 | 2870645 | 99.9 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 3 | 3 | 850,000 | 850,000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ(ആയുർവേദം | 1 | 1 | 400,000 | 400,000 | 100 |
| സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1122000 | 239805 | 21.37 |
| വി.ഇ.ഒ | 15 | 14 | 61997342 | 15941318 | 25.71 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 7 | 4689112 | 3323074 | 70.86 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 509000 | 464526 | 91.26 |
| സെക്രട്ടറി | 48 | 33 | 13545693 | 8357372 | 61.69 |
| അസി.എഞ്ചിനീയർ | 105 | 85 | 30275644 | 22146906 | 73.15 |
| അസി.സെക്രട്ടറി | 4 | 4 | 1334300 | 57611680 | 43.17 |
| ആകെ | 214 | 171 | 119796751 | 57611680 | 48.09 |

വിനിയോഗലക്ഷ്യം കൈവരിച്ചില്ല - 33ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

2020-21 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ മികച്ച നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചെങ്കിലും വിവിധ ഫണ്ടിനങ്ങൾ പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാത്തതിനാൽ 33 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. പൊതുവിഭാഗം വികസനഫണ്ട്,എസ്.സി.പി,മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഭാഗങ്ങൾ 100% ചെലവഴിക്കാൻ സാധിച്ചുവെന്നത് മികച്ച നേട്ടമാണ്. ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗം53.15% മാത്രമാണ്. വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 15 പ്രോജക്ടുകളിൽ 14 എണ്ണം നടപ്പിലാക്കാൻ സാധിച്ചുവെങ്കിലും ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് ,സംസ്ഥാന വിഹിതങ്ങൾ വകയിരുത്തിയ തുകകൾ കൃത്യമായി ലഭിക്കാത്തതിനാൽ ആകെ ചെലവ് ശതമാനം വളരെ കുറഞ്ഞ് നിൽക്കുന്ന സാഹചര്യമാണ് (ചെലവ് ശതമാനം 25.71). ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| | |
| വികസന ഫണ്ട്-ടി.എസ്.പി. | 118493 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 2300142 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 349130 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 603733 |
| ആകെ | 3371498 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 33 ലക്ഷം രൂ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 33ലക്ഷത്തിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി

എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020--21സാങ്കേതിക അനുമതി ലഭിച്ച 241പ്രോജക്ടുകളിൽ 191എണ്ണം തൻവർഷം പൂർത്തിയാക്കി. 2020-21വർഷം 50883 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 841 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം,കയ്യാല നിർമ്മാണം, കിണർ നിർമ്മാണം,റോഡ് കോൺക്രീറ്റിംഗ്,കന്നുകാലിത്തൊഴുത്ത് നിർമ്മാണം,ആട്ടിൻകൂട് നിർമ്മാണം,കോഴിക്കൂട് നിർമ്മാണം,കമ്പോസ്റ്റ് പിറ്റ് നിർമ്മാണം,കിണർ എന്നിവയാണ് 2020-21 ൽ നടപ്പാക്കിയ പ്രധാനപ്രോജക്ടുകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 215620 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 21195953 | 21891850 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 695897 | |
| ആകെ | | | 22107470 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 15101872 | 22104040 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1073057 | |
| | ഉപകരണങ്ങളുടെ വില, വാടക | 5021024 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 908087 | |
| നീക്കിയിരുപ്പ് | | | 3430 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9360 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 2181500 | 130 |
| വിധവാപെൻഷൻ | 7865800 | 537 |
| വാർദ്ധക്യകാലപെൻഷൻ | 26505800 | 1739 |
| വികലാംഗപെൻഷൻ | 3690100 | 234 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 737000 | 45 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-11-2021 3.30 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3984/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.5.2018 | 2017-18 | LBA(HQ)II/1/8A-54/2018-19/78 തീയതി 10.7.2018 |

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 1.9.21-6.9.21 | 2020-21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 ബാങ്ക് അക്കൗണ്ടുകൾ ക്രയവിക്രയമില്ലാതെ തുടരുന്നു

വാർഷിക ധനകാര്യപത്രികയിലുള്ള താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകൾ നിർജീവമായി തുടരുന്നതായി കാണുന്നു.

| ക്രമ നം | അക്കൗണ്ട് വിവരങ്ങൾ | 31.3.2020 ൽ വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരുപ്പ് | 31.3.2021ൽ വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരുപ്പ് |
|---|---|---|---|
| 1 | എം.എൻ. ലക്ഷം വീട് | 4254 | 4254 |
| 2 | നോൺ ഹട്ട് സസ്പെൻസ് അക്കൗണ്ട് (ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് ഈരാറ്റുപേട്ട) | 163291 | 162993 |

നിലവിൽ ഈ അക്കൗണ്ടുകൾ ക്രയവിക്രയങ്ങളില്ലാതെ തുടരുന്നതായി കാണുന്നു. ഈ അക്കൗണ്ടുകൾ തുടരുന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 1/02.12.2021) വർഷങ്ങളായി ഈ അക്കൗണ്ടുകൾ ട്രാൻസാക്ഷനുകളില്ലാതെ തുടരുന്നതാണെന്നും വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകളിൽനിന്ന് സർവ്വീസ് ചാർജ് ഇനത്തിൽ ബാങ്ക് തുകകൾ ഈടാക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ തുകകൾ ബാധകമായ സർക്കാർ ഹെഡുകളിലേക്ക് തിരികെ ഒടുക്കി ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 റികൺസിലിയേഷൻ നടപടികളിലെ അപാകതകൾ

പഞ്ചായത്തിൽ 2020-21 ൽ ഉപയോഗത്തിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്തിന്റെ തനതുഫണ്ട് കൈകാര്യം ചെയ്യുന്ന തിടനാട് സർവീസ് സഹകരണ ബാങ്കിന്റെ മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്തിട്ടുള്ള ചെക്കുകൾ മാസങ്ങൾ കഴിഞ്ഞിട്ടും നടപടികളൊന്നുമെടുക്കാതെ തുടരുന്നതായി കണ്ടു. തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | ഇൻസ്ട്രുമന്റ് നം/തീയതി | തുക |
|---|---|---|---|
| 1 | 21800886/1.3.19 | 2911/28.2.19 | 1230 |
| 2 | 22000076/2.6.20 | 3997/22.5.20 | 1707 |
| 3 | 22000075/2.6.20 | 3997/22.5.20 | 958 |
| 4 | 21900380/25.9.19 | 3244/24.9.19 | 3100 |

| | | | |
|---|---|---|---|
| 5 | 21900091/24.5.19 | 3128/24.5.19 | 4850 |

പ്രസ്തുത ചെക്കുകൾ ഇഷ്യൂ ചെയ്തിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും തുകകൾ സ്റ്റെയ്ൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റുകയോ മറ്റ് നടപടികളെടുക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം.2/02.12.2021) നിലവിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ പ്രസ്തുത ശീർഷകത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

2. തനതു ഫണ്ട് അക്കൗണ്ടായ എസ് ബിഐ തിടനാടിന്റെ മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം ചെക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടും കളക്ഷനാകാത്ത തുകയായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | ഇൻസ്ട്രുമന്റ് നം/തീയതി | തുക |
|---|---|---|---|
| 1 | 118010500062/31.3.19 | 594443/31.3.19 | 454 |
| 2 | 118010500063/31.3.19 | 594443/31.3.19 | 2058 |
| 3 | 118010500066/31.3.19 | 594443/31.3.19 | 1176 |
| 4 | 118010500061/31.3.19 | 594444/31.3.19 | 20085 |
| 5 | 118010500065/31.3.19 | 594443/31.3.19 | 8331 |
| 6 | 118010500064/31.3.19 | 594443/31.3.19 | 8027 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മേൽ ചെക്കുകൾ വസ്തുനികുതി ഇനത്തിൽ 31.3.2019 ൽ കളക്ഷൻ സ്വീകരിക്കുകയും കളക്ഷന് നൽകിയപ്പോൾ അക്കൗണ്ടിൽ തുകയില്ലാതെ മടങ്ങിയതിനെ തുടർന്ന് കേസ് ഫയൽ ചെയ്തിട്ടുള്ളതും നാളിതു വരെ കേസ് തീർപ്പാക്കിയിട്ടില്ലാത്തതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കേസിൽ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. ഇ പെയ്മെന്റ് അക്കൗണ്ട് ഉൾപ്പെടെയുള്ള അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ എല്ലാ മാസവും കൃത്യമായി തയ്യാറാക്കുന്നില്ല. മാസങ്ങളോളം അക്കൗണ്ടിൽ വന്ന തുകകളും പിൻവലിച്ച തുകകളും പാസ് ബുക്ക്-ബാങ്ക് ബുക്ക് പൊരുത്തപ്പെടുത്തൽ നടത്താതെ അവശേഷിക്കുന്നതായി കാണുന്നു. കോവിഡ് പ്രതിസന്ധി മൂലം പ്രവൃത്തിദിനങ്ങൾ തികയാതിരുന്നതിനാലാണ് പ്രതിമാസം റികൺസിലിയേഷൻ ചെയ്യാൻ സാധിക്കാതിരുന്നതെന്ന് മറുപടി ലഭിച്ചു. പഞ്ചായത്തിന്റെ അക്കൗണ്ടുകളിലെ ക്രയവിക്രയങ്ങളുടെ കൃത്യത ഉറപ്പാക്കി എല്ലാ മാസവും ബാങ്ക് റിക്കൺസിലിയേഷൻ നടപടികൾ പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-13 തെറ്റായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണയിച്ചു

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വസ്തുനികുതി നിർണയിച്ചിട്ടുള്ള ഉപയോഗക്രമത്തിനല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിട നം., സ്ഥാപന ഉടമ | ലൈസൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനത്തിന്റെ തരം | സഞ്ചയപ്രകാരമുള്ള ഉടമ, വിസ്തീർണം(ച.മീ.) | സഞ്ചയപ്രകാരം ഉപയോഗക്രം | നികുതി നിർണയിക്കേണ്ട ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | 5/448B,ഡെയ്സി സെബാസ്റ്റ്യൻ | തടിവ്യാപാരം | ജോർജ്കുട്ടി, കുളത്തൂർ, 20 | വീടുകൾ | ഇതരവ്യവസായം |

| | | | | | |
|---|---|---|---|---|---|
| 2 | 6/387, പ്രസിഡന്റ്, ജനനി ജനകീയ ഹോട്ടൽ | ഹോട്ടൽ | കെ.ജെ.തോമസ്, കിണറ്റുകര, 144 | വീടുകൾ | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 3 | 9/135,സാബു ജി മറ്റത്തിൽ, | ഹോളോ ബ്രിക്സ് നിർമാണം | ഏലിയാമ്മ മാത്യു, മറ്റത്തിൽ, 72 | വ്യവസായ ആവശ്യത്തിനുള്ള ഇഷ്ടിക ചൂള(ച. മീറ്ററിന് 10 രൂപ നിരക്കിൽ) | ഇതരവ്യവസായം |
| 4 | 4/283, സോജൻ വി മാത്യു | ഹോളോ ബ്രിക്സ് നിർമാണം | സോജൻ വി മാത്യു, 243 | വ്യവസായ ആവശ്യത്തിനുള്ള ഇഷ്ടിക ചൂള(ച. മീറ്ററിന് 10 രൂപ നിരക്കിൽ) | ഇതരവ്യവസായം |
| 5 | 4/264, എ.വി.ജോസഫ് | കോൺക്രീറ്റ് ഉപയോഗിച്ചുള്ള കെട്ടിട നിർമാണ സാമഗ്രികൾ | എ.വി.ജോസഫ്, 71 | വീടുകൾ | ഇതരവ്യവസായം |
| 6 | 10/418, സുമേഷ് മാത്യു, ളുങ്കുഴിയിൽ | ഹോളോ ബ്രിക്സ് നിർമാണം | സുമേഷ് മാത്യു, ളുങ്കുഴിയിൽ, 57 | വ്യവസായ ആവശ്യത്തിനുള്ള ഇഷ്ടിക ചൂള (ച. മീറ്ററിന് 10 രൂപ നിരക്കിൽ) | ഇതരവ്യവസായം |
| 7 | 10/418 L, അജി ജി. ഉഷസ് | സിമന്റ് വ്യാപാരം | സുമേഷ് മാത്യു, ളുങ്കുഴിയിൽ, 125 | വ്യവസായ ആവശ്യത്തിനുള്ളവ- സ്റ്റോറേജ് ഷെഡ് (ച. മീറ്ററിന് 10 രൂപ നിരക്കിൽ) | 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഗോഡൗൺ |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/06.12.2021) മറുപടി ലഭിച്ചില്ല. ഇതരവ്യവസായം, വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന മേൽ കെട്ടിടങ്ങളെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് റെസിഡൻഷ്യൽ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചു

വസ്തുനികുതി പരിശോധനയിൽ ശ്രീ നൈസ് മോൻ ജേക്കബ്, പുളിയൻപറമ്പിൽ എന്ന വ്യക്തിയുടെ പേരിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടം പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായി നികുതി നിർണയിക്കേണ്ട മുറികൾക്ക് റെസിഡൻഷ്യൽ ഫ്ലാറ്റ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. പ്ലാൻ പ്രകാരം ഈ മുറികൾ ഷോപ്പുകൾ എന്ന ഗണത്തിൽ ഉൾപ്പെടുന്നതാണെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, കെട്ടിട നം | സഞ്ചയ പ്രകാരം | നികുതി നിർണയിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | | മുറിയുടെ വിസ്തീർണം (ച.മീ.) | ഉപയോഗക്രമം, നിർണയിച്ച നികുതി |
| 1 | നൈസ് മോൻ ജേക്കബ്, പുളിയൻപറമ്പിൽ, 13/532 J | 33 | റെഡിഡൻഷ്യൽ ഫ്ലാറ്റുകൾ, (ച.മീറ്ററിന് 5 നിരക്ക്), 208/-(ലൈബ്രറി സെസ് ഉൾപ്പെടെ) |
| 2 | നൈസ് മോൻ ജേക്കബ്, പുളിയൻപറമ്പിൽ, 13/532 K | 33 | റെഡിഡൻഷ്യൽ ഫ്ലാറ്റുകൾ, (ച.മീറ്ററിന് 5 നിരക്ക്), 208/-(ലൈബ്രറി സെസ് ഉൾപ്പെടെ) |

അപാകതകൾ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.13/07.12.2021) മറുപടി ലഭിച്ചിട്ടുണ്ട്. പ്ലാൻ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായി പൂർത്തീകരിച്ചുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചതിന് പുനപരിശോധിച്ച് നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന് കുറഞ്ഞനിരക്കിൽ നികുതി നിർണയിച്ചു

വസ്തുനികുതി പരിശോധനയിൽ 19/1/2018 ആയി പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയിട്ടുള്ളതും ശ്രീമതി ചിന്നമ്മ കോര, തെരുവേൽ, കിടങ്ങൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ വിവിധ ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങൾക്ക് 10/232 B,d,e,f,n,o,p,q,h,k,l എന്നീ നമ്പരുകൾ നൽകി 2018 ആദ്യ പകുതി മുതൽ നികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. 2019-20,20-21 വർഷങ്ങളിൽ പ്രസ്തുത കെട്ടിടങ്ങൾ ആയുർവേദ ആശുപത്രി എന്ന വിഭാഗത്തിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതുമാണ്. എന്നാൽ അന്വേഷണത്തിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവിധ ഭാഗങ്ങൾ ആയുർവേദ സുഖചികിത്സാ കേന്ദ്രമായി പരിഗണിച്ച് നികുതി ഈടാക്കാവുന്നവയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ആയുർവ്വേദ സുഖചികിത്സാ കേന്ദ്രത്തിന് സർക്കാർ നിശ്ചിയിച്ചിട്ടുള്ള നിർദ്ദിഷ്ട നിരക്കിൽ ഈടാക്കുന്നില്ല. സ.ഉ.(അ) നം.36/2015/ത.സ്വ.ഭ.വ. തീയതി 24.2.2015 പ്രകാരം ആയുർവേദ സുഖ ചികിത്സാ കേന്ദ്രത്തിന് ഈടാക്കാവുന്ന കുറഞ്ഞ നിരക്ക് 150 ഉം കൂടിയ നിരക്ക് 160 മാണ്. നിലവിൽ സഞ്ചയയിൽ വസ്തു നികുതി റേറ്റ് സെറ്റിംഗ്സിൽ ഈ ഉപയോഗക്രമത്തിന് ഈടാക്കാവുന്ന നിരക്ക് 160 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് ഈടാക്കി വരുന്ന നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം, സ്ഥാപനത്തിന്റെ പേര് | നിലവിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം, വിവരണം | വിസ്തീർണ്ണം (ച.മീ.) | നിലവിൽ ഈടാക്കുന്ന വസ്തുനികുതി |
|---|---|---|---|
| 10/232 B | വീടുകൾ, 3 റൂം ബ്ലോക്ക് | 66.68 | 317(ച.മീറ്ററിന് 5 രൂപ നിരക്കിൽ) |
| 10/232 D | വീടുകൾ, 2 റൂം ബ്ലോക്ക് | 48.98 | 206(ച.മീറ്ററിന് 5 രൂപ നിരക്കിൽ) |

| | | | |
|---|---|---|---|
| 10/232 E | വീട്ടുകൾ, 1 റൂം ബ്ലോക്ക് | 38.11 | 161(ച.മീറ്ററിന് 5 രൂപ നിരക്കിൽ) |
| 10/232 F | വീട്ടുകൾ,സ്റ്റാഫ് ബിൽഡിംഗ്, 3 റൂം | 69.56 | 293(ച.മീറ്ററിന് 5 രൂപ നിരക്കിൽ) |
| 10/232 N | ആശുപത്രികൾ | 396.06 | 1311(ച.മീറ്ററിന് 3 രൂപ നിരക്കിൽ) |
| 10/232 O | ആശുപത്രികൾ | 396.06 | 1311(ച.മീറ്ററിന് 3 രൂപ നിരക്കിൽ) |
| 10/232 P | വാണിജ്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം | 154.76 | 4388(ച.മീറ്ററിന് 30 രൂപ നിരക്കിൽ) |
| 10/232 Q | വാണിജ്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം | 154.76 | 4388(ച.മീറ്ററിന് 30 രൂപ നിരക്കിൽ) |
| 10/232 H | വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ്, സ്റ്റോറേജ് ഷെഡ് | 39.6 | 333(ച.മീറ്ററിന് 10 രൂപ നിരക്കിൽ) |
| 10/232 K | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, റിക്രിയേഷൻ ഹാൾ | 19.44 | 328(ച.മീറ്ററിന് 20 രൂപ നിരക്കിൽ) |
| 10/232 L | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, മീഡിയേഷൻ സെന്റർ | 82.64 | 1390(ച.മീറ്ററിന് 20 രൂപ നിരക്കിൽ) |

ആയുർവേദ സുഖചികിത്സയ്ക്കായി വിദേശികളുൾപ്പെടെ ചികിത്സ തേടിയെത്തുന്ന സ്ഥാപനത്തിന്റെ വിവിധ കെട്ടിടങ്ങൾ ഉയർന്ന നിരക്കിൽ നികുതി നിർണയിക്കേണ്ട ഉപയോഗക്രമങ്ങളിലുള്ളതാണെന്ന് കാണുന്നു. കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/03.12.2021) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

സ്ഥല പരിശോധന നടത്തി ആയുർവേദ സുഖ ചികിത്സയ്ക്കായി ഉപയോഗിച്ച് വരുന്ന കെട്ടിട ഭാഗങ്ങൾക്കും അതിനോടനുബന്ധിച്ച് വിദേശികളുൾപ്പെടെയുള്ളവർക്ക് താമസസൗകര്യത്തിനായി നിർമിച്ചിട്ടുള്ള കോട്ടേജുകൾക്കും മറ്റു കെട്ടിട ഭാഗങ്ങൾക്കും യഥാർത്ഥത്തിലുള്ള ഉപയോഗക്രമത്തിനനുസരിച്ച് നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി അടവാക്കുന്നില്ല

1. പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന യോഗ സുധ ആയുർവേദിക് ആശുപത്രി എന്ന സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന് കാണുന്നു. ഡി ആന്റ് ഒ ലൈസൻസ് പ്രകാരം 20 പേർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2. പഞ്ചായത്തിൽ നിന്നും ലൈസൻസെടുത്ത യോഗസുധ ആയുർവേദിക് പ്രൊഡക്ഷൻ യൂണിറ്റിൽ 7 പേർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവർ തൊഴിൽ നികുതി അടവാക്കുന്നില്ല.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോദ്പാദക സംഘങ്ങൾ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നീ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതിയോ സ്ഥാപന തൊഴിൽ നികുതിയോ അടവാക്കുന്നില്ലെന്നു കാണുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.9/06.12.2021) സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-17 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല

2020-21 സാമ്പത്തിക വർഷം 185 സ്ഥാപനങ്ങളാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. 2019-20 ൽ 192 സ്ഥാപനങ്ങൾ ലൈസൻസ് നേടിയിരുന്നു. തൻവർഷം നികുതി നിർണ്ണയം നടത്തിയ വാണിജ്യകെട്ടിടങ്ങളുടെ എണ്ണം, പുതുതായി ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ എന്നിവ പരിഗണിച്ചാൽ 2019-20 വർഷം ലൈസൻസ് എടുത്തിരുന്ന പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് കാണാം. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവയൊന്നും ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I ലെ ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകളിലെ സംഭരണം/വിൽപ്പന ക്രമനം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ എന്നിവയ്ക്ക് ലൈസൻസ് നിർബന്ധമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളും അബ്കാരി ഷാപ്പുകളും ലൈസൻസെടുത്തിട്ടില്ലെന്നു കാണുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

വാണിജ്യാവശ്യത്തിനായി പെർമിറ്റെടുത്ത് നിർമിച്ച് വസ്തുനികുതി നിർണയിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം ഓരോ വർഷവും കൂടി വരുന്നുണ്ടെങ്കിലും ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ, വ്യവസായ , ഇതര ആവശ്യങ്ങൾക്കായി 1173 കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാനും ആയത് വർഷാവർഷം പുതുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 കൃഷി ഓഫീസറുടെ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

1) പ്രോജക്ട് നമ്പർ 25/21 - ജൈവവളം വിതരണം

വികസനഫണ്ടിൽ നിന്നും 100000/രൂപ ( ബിൽ നമ്പർ-9/20-21/ 24.03.21) പിൻവലിച്ച് വി.എഫ്.പി.സി.കെ.കൃഷി ബിസിനസ്സ് കേന്ദ്രത്തിൽ നിന്നും ജൈവവളം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെറുകിട നാമ മാത്ര കർഷകർക്കാണ് സബ്സിഡി അനുവദിക്കാവുന്നതാണ്. വിതരണം ചെയ്തതിൽ ജോൺ ബോസ്കോ, കാക്കനാട്ട് എന്ന ഗുണഭോക്താവ് സമർപ്പിച്ച രേഖകൾ പ്രകാരം ടിയാൾക്ക് 2 ഹെക്ടർ 88 ആർ സ്ഥലം സ്വന്തമായുണ്ട്. 96 ഗുണഭോക്താക്കൾക്ക് 40 കിലോ വീതം 3840 കിലോ വളം വിതരണം ചെയ്തിട്ടുണ്ട്.പത്ത് സെന്റ് സ്ഥലം മുതൽ രണ്ട് ഹെക്ടർ വരെ സ്ഥലം ഉള്ള കൃഷിക്കാർക്ക് ഒരേ അളവിലാണ് വളം വിതരണം ചെയ്തിട്ടുള്ളത്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പ്രോജക്ട് നമ്പർ 23 /21 - കേടായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വയ്ക്കൽ

പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 133000/ രൂപയും, തനത് ഫണ്ടിൽ നിന്നും 5000/ രൂപയും ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെറുകിട നാമ മാത്ര കർഷകർക്കാണ് സബ്സിഡി അനുവദിക്കാവുന്നതാണ്. വിതരണം ചെയ്തതിൽ ടോമിച്ചൻ സ്കറിയ, ഐക്കര, തിടനാട് എന്ന ഗുണഭോക്താവിന് 2 ഹെക്ടർ 29 ആർ സ്ഥലം സ്വന്തമായുണ്ട്. ജോർജ് പി.വി, പന്തലാനിക്കൽ എന്ന ഗുണഭോക്താവിന് 5 ഏക്കർ 25 സെന്റ് സ്ഥലം സ്വന്തമായുണ്ട്. 2 ഹെക്ടർ കൃഷിഭൂമി വരെ സ്വന്തമായുള്ള കൃഷിക്കാരെ മാത്രമേ ചെറുകിട നാമമാത്ര കർഷകരായി പരിഗണിക്കാവൂ. അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പ്രോജക്ട് നമ്പർ 37/21 ജൈവരീതിയിൽ പച്ചക്കറി കൃഷി

പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 100000/ രൂപയും, തനത് ഫണ്ടിൽ നിന്നും 5000/ രൂപയും ഗുണഭോക്തൃ വിഹിതം ഇനത്തിൽ 35000/ രൂപയും ഉൾപ്പടെ ആകെ 140000/രൂപ ചെലവഴിച്ചിട്ടുണ്ട്. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന ആഗ്രോ- സർവ്വീസ് സെന്ററിൽ നിന്നും 2000/ യൂണിറ്റ് വിത്തുകൾ ഉൾപ്പടെ നിറച്ച ഗ്രോബാഗുകൾ 70/ രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.70 ഗുണഭോക്താക്കൾക്കായാണ് ഗ്രോബാഗുകൾ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ വിതരണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4) പ്രോജക്ട് നമ്പർ 221/21 സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 178300/ രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 100000/ ഉൾപ്പടെ ആകെ 278300/ രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെറുകിട നാമ മാത്ര കർഷകർക്കാണ് സബ്സിഡി അനുവദിക്കാവുന്നതാണ്. വിതരണം ചെയ്തതിൽ ജോർജ് പി.വി, പന്തലാനിക്കൽ എന്ന ഗുണഭോക്താവിന് 5 ഏക്കർ 25 സെന്റ് സ്ഥലം സ്വന്തമായുണ്ട്. 2 ഹെക്ടർ കൃഷിഭൂമി വരെ സ്വന്തമായുള്ള കൃഷിക്കാരെ മാത്രമേ ചെറുകിട നാമമാത്ര കർഷകരായി പരിഗണിക്കാവൂ. ഇത്തരത്തിലുള്ള അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകളുടെ അപാകതകൾ

2019-20 സാമ്പത്തിക വർഷം വെറ്റിനറി സർജൻ കറവപശു വളർത്തൽ രണ്ട് പ്രോജക്ടുകൾ (ജനറൽ), മുട്ടക്കോഴി വളർത്തൽ വനിത (ജനറൽ) എന്നീ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മേൽ പ്രസ്താവിച്ച പ്രോജക്ടുകൾ പ്രകാരമുള്ള ആനുകൂല്യം തുടർ വർഷങ്ങളിൽ ആവർത്തിച്ച് നൽകാവുന്നതല്ല. രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഇത്തരത്തിൽ ആനുകൂല്യം വിതരണം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. ഉരുക്കളെ പഞ്ചായത്തിന് വെളിയിൽ നിന്ന് വാങ്ങണം എന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതുമാണ്.

## 1-20 എ.ബി.സി. പ്രോഗ്രാം- വിനിയോഗ വിവരം ലഭ്യമായില്ല

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിനായി (നമ്പർ66/21) വികസന ഫണ്ടിൽ നിന്നും 100000/ രൂപ ബിൽ നമ്പർ 03/20-21 / 30.10.20 പ്രകാരം പിൻവലിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ എത്ര തെരുവ് നായ്ക്കളെ വന്ധീകരിക്കുന്നതിനുള്ള തുകയാണ് ഒടുക്കുന്നത്, ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് എത്രമാത്രം തെരുവ് നായ്ക്കൾ വന്ധീകരിക്കുന്നതിനുണ്ട് എന്ന് കണക്കെടുപ്പിന്റെയോ വിലയിരുത്തലിന്റേയോ അടിസ്ഥാനത്തിലാണോ തുക ഒടുക്കുന്നത് എന്ന് വ്യക്തമല്ല. പ്രോജക്ട് പ്രകാരം ഒടുക്കിയ തുക പ്രകാരം തെരുവ് നായ്ക്കളെ വന്ധീകരിക്കുന്ന പ്രവൃത്തി നടന്നിട്ടില്ല. വിനിയോഗ പൂർത്തീകരണ വിവരങ്ങൾ

ലഭിക്കാത്ത സാഹചര്യത്തിൽ 100000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 പിഎച്ച്സി, പാലിയേറ്റീവ് കെയർ മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ, പാലിയേറ്റീവ് കെയർ വേതനവും അധിക ചെലവുകളും എന്നീ പ്രൊജക്റ്റുകൾ നടത്തിയിട്ടുണ്ട്. രണ്ടു പ്രൊജക്റ്റിലും മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവീസ് കോപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണമായി ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | പ്രൊജക്റ്റ് നം, പേര് | 26/21, പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ |
| | ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| | ചെലവ്, ബിൽ നം | 150000/-, ബിൽ നം.12/21 Dt.10.2.21 |
| | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന തുക | 54430 |
| 2 | പ്രൊജക്റ്റ് നം, പേര് | 10/21,പാലിയേറ്റീവ് കെയർ വേതനവും അധിക ചെലവുകളും |
| | ഫണ്ടിനം | ഡെവലപ്മെന്റ് ഫണ്ട് ജനറൽ |
| | ചെലവ്, ബിൽ നം | 110109, ബിൽ നം.14/21തീ. 31.3.21 |
| | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന തുക | 50040 |
| 3 | പ്രൊജക്റ്റ് നം, പേര് | 10/21,പാലിയേറ്റീവ് കെയർ വേതനവും അധിക ചെലവുകളും |
| | ഫണ്ടിനം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | ചെലവ്, ബിൽ നം | 100000/-, ബിൽ നം.11/21 Dt.29.1.21 |
| | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന തുക | 42852 |

147322 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂരഹിതഭവനരഹിത ഗുണഭോക്താവിന് സ്ഥലം വാങ്ങി നൽകിയത് - എഗ്രിമെന്റ് പ്രകാരമുള്ള സ്ഥലം ലഭിച്ചില്ല

ലൈഫ് ഭവന പദ്ധതി ജനറൽ (Phase3) പ്രോജക്റ്റിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം വർഷം ഭൂരഹിത ഭവന രഹിത ഗുണഭോക്താവായ ശ്രീ. അച്ചൻകുഞ്ഞ് ദേവസ്യ. പുത്തൻപുരയിൽ എന്ന ഗുണഭോക്താവിന് സ്ഥലം നൽകുന്നതിന് ശ്രീ. പ്രസാദ്.എ.എസ്, അമ്പിയിൽ, ശ്രീ.ഒ എം ഷിജി,

ഓട്ടുക്കുന്നേൽ എന്നിങ്ങനെ രണ്ട് പേർ 4 സെന്റ് സ്ഥലം വീതം 2 ലക്ഷം രൂപ വിലക്ക് നൽകാമെന്ന് നിർവ്വഹണോദ്യോഗസ്ഥയായ വി ഇ ഒ മുമ്പാകെ സമ്മതപത്രം സമർപ്പിച്ചു. ഇതിൽ ശ്രീ. പ്രസാദ്.എ.എസ്, അമ്പിയിൽ എന്നയാളുടെ ഉടമസ്ഥതയിൽ കൊണ്ടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 43, റീ സർവ്വേ നമ്പർ 264 ൽ ഉൾപ്പെട്ട 1.22 ആർ സ്ഥലമാണ് (മൂന്ന് സെന്റ് ) വാങ്ങി നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ 19.01.2021 ൽ ശ്രീ. പ്രസാദ്.എ.എസ്, നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ മുൻപാകെ എഴുതി നൽകിയ കരാർ പ്രകാരം മേൽ പ്രസ്താവിച്ചതും, കൊണ്ടൂർ വില്ലേജിൽ ടിയാളുടെ ഉടമസ്ഥതയിൽ ഉള്ളതുമായ വസ്തുവിൽ നിന്നും 4 സെന്റ് സ്ഥലം രണ്ട് ലക്ഷം രൂപയ്ക്ക് ശ്രീ. അച്ചൻകുഞ്ഞ് ദേവസ്യയ്ക്ക് നൽകുന്നതിന് തയ്യാറാണ് എന്ന് അറിയിച്ചിരുന്നു. 23.01.2021 ൽ ഈരാറ്റുപേട്ട സബ് രജിസ്ട്രാർ ഓഫീസിൽ 147 നമ്പരായി ആധാരം രജിസ്റ്റർ ചെയ്ത് നൽകിയപ്പോൾ 1. ആർ 22 ച.മീറ്റർ (മൂന്ന് സെന്റ് സ്ഥലം) മാത്രമേ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളൂ. കരാർ പ്രകാരം പറഞ്ഞിട്ടുള്ള വിലയായ രണ്ട് ലക്ഷം രൂപയും ബിൽ നമ്പർ 23/20-21/ 16.2.21 പ്രകാരം ശ്രീ. പ്രസാദ്.എ.എസിന് നൽകുകയും ചെയ്തിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/ 20-21ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവായ അച്ചൻകുഞ്ഞ് ദേവസ്യയോട് സംസാരിച്ചപ്പോൾ മൂന്ന് സെന്റ് സ്ഥലമാണ് ആവശ്യപ്പെട്ടത് എന്നുംഅത് ലഭിച്ചിട്ടുണ്ട് എന്നും അറിയിച്ചു. പ്രസ്തുത സ്ഥലത്തോട് ചേർന്ന് ഗുണഭോക്താവിന്റെ മകൻ 4 സെന്റ് സ്ഥലം കൂടി വാങ്ങി എന്നും അതിന്റെ എഗ്രിമെന്റ് എഴുതിയപ്പോൾ തെറ്റായി 4സെന്റ് എന്ന് എഴുതിയതാണ് എന്നും അറിയിച്ചിട്ടുണ്ട്.

19.01.2021 ൽ ശ്രീ. പ്രസാദ്.എ.എസ്, നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ മുൻപാകെ എഴുതി നൽകിയ സമ്മതപത്രം പ്രകാരം മേൽ പ്രസ്താവിച്ചതും, കൊണ്ടൂർ വില്ലേജിൽ ടിയാളുടെ ഉടമസ്ഥതയിൽ ഉള്ളതുമായ വസ്തുവിൽ നിന്നും 4 സെന്റ് സ്ഥലം ലൈഫ് മിഷൻ പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപയ്ക്ക് ശ്രീ. അച്ചൻകുഞ്ഞ് ദേവസ്യയ്ക്ക് നൽകുന്നതിന് തയ്യാറാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ പ്രസ്താവിച്ച 19.01.2021 ലെ സമ്മതപത്രം പ്രകാരം 4 സെന്റ് സ്ഥലം ശ്രീ. അച്ചൻകുഞ്ഞ് ദേവസ്യയ്ക്ക് ലഭിക്കേണ്ടിയിരുന്നു. മേലിൽ സ്ഥലം വാങ്ങൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃത്യമായ വില ഉൾപ്പെടുത്തി മുദ്ര പത്രത്തിൽ കരാർ ചമക്കേണ്ടതാണ്.

## 1-23 നടപടിക്രമങ്ങൾ പാലിക്കാതെ ഗുണഭോക്താവിന്റേതല്ലാത്ത അക്കൗണ്ടിലേക്ക് തുക അനുവദിച്ചു.

പ്രോജക്ട് നമ്പർ-225/21 വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) പ്രോജക്ടിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം 5 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിൽ ശ്രീമതി.മാധവി തങ്കപ്പൻ, നല്ലൂർ, ചേറ്റുതോട് എന്ന ഗുണഭോക്താവിന് പ്രോജക്ട് പ്രകാരം തൻവർഷം 85000/ രൂപ നൽകിയിട്ടുണ്ട്. ബിൽ നമ്പർ 19/20-21/ 19.01.21 പ്രകാരം 62500 രൂപയും ബിൽ നമ്പർ 46/20-21/ 31.03.21 പ്രകാരം 22500 രൂപയും അനുവദിച്ചിട്ടുള്ളത് ഉഷ.എം.റ്റി. എന്നയാളുടെ 3682641190 നമ്പർ അക്കൗണ്ടിലേക്കാണ്. ശ്രീ.മാധവി തങ്കപ്പൻ സമർപ്പിച്ച അപേക്ഷയോടൊപ്പം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിടനാട് ശാഖയിലുള്ള ടിയാളുടെ അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പകർപ്പ് ( നമ്പർ 33043960874) സമർപ്പിച്ചിരുന്നു. ഗുണഭോക്താവിന് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേ മറ്റോരാളുടെ അക്കൗണ്ടിലേക്ക് പണം കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/20-21/ 02.12.21 ന് ലഭ്യമാക്കിയ മറുപടിയിൽ തുക നൽകുന്ന സമയത്ത് ശ്രീമതി.മാധവി തങ്കപ്പന് പ്രായാധിക്യം മൂലമുള്ള ബുദ്ധിമുട്ടുകൾ, ഓർമ്മക്കുറവ്, അനാരോഗ്യം എന്നിവ ഉണ്ട് എന്ന് നേരിട്ട് ബോദ്ധ്യപ്പെട്ടതിനാലാണ് മകളുടെ പേരിൽ തുക കൈമാറിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഗുണഭോക്താക്കളുടെ തുക മറ്റൊരാൾക്ക് കൈമാറുമ്പോൾ പാലിക്കേണ്ട യാതൊരു നടപടിയും നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. ഗുണഭോക്താവ് മേൽ പ്രസ്താവിച്ച അസൗകര്യങ്ങൾ ഉള്ളതിനാൽ തുക ആരുടെ അക്കൗണ്ടിലേക്കാണോ അനുവദിക്കേണ്ടത് അതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, ഇപ്രകാരം ലഭിക്കുന്ന അപേക്ഷ നിർവ്വഹണ ഉദ്യോഗസ്ഥൻ

ഭരണസമിതിക്ക് കൈമാറേണ്ടതും, ഭരണസമിതി എടുക്കുന്ന തീരുമാനപ്രകാരം മാത്രം നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക മറ്റൊരാളുടെ അക്കൗണ്ടിലേക്ക് കൈമാറിയത് ശരിയായ നടപടിയല്ല. ഇപ്രകാരമുള്ള നടപടികൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ ഭരണ സമിതി കൈക്കൊള്ളേണ്ടതാണ്.

1-24 സേവനപുസ്തകത്തിൽ ആർജ്ജിതാവധി കണക്ക് രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ കരാർ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്ത ഇനത്തിൽ ചുവടെ ചേർക്കുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ആൾ |
|---|---|---|
| 22000917/16.3.21 | 15498 | ശ്രീകാന്ത്.എൻ, ടെക്നിക്കൽ അസിസ്റ്റന്റ് |
| 22000918/21.3.21 | 15730 | സിന്ധുമോൾ.പി.എസ്,എ.ഇ ,എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 22000919/21.3.21 | 12020 | അനുമോൾ സെബാസ്റ്റ്യൻ, ഡേറ്റ എൻട്രിഓപ്പറേറ്റർ ,എം.ജി.എൻ.ആർ.ഇ.ജി.എസ് |

എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാരുടെ സേവന പുസ്തകം സൂക്ഷിക്കുന്നുണ്ടെങ്കിലും അവധിവിവരങ്ങളും ആർജ്ജിതാവധി സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവന പുസ്തകം സൂക്ഷിക്കുന്നില്ല. സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെയും അവധികണക്കുകൾ തയ്യാറാക്കി ആധികാരികമാക്കാതെയും ആർജിജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയ നടപടി ശരിയല്ല.

ടെക്നിക്കൽ അസിസ്റ്റന്റിന് സേവന പുസ്തകം സൂക്ഷിക്കേണ്ടതും ജീവനക്കാരുടെ സേവനവിവരങ്ങളും അവധിവിവരങ്ങളും ആർജ്ജിതാവധികൾ സറണ്ടർ ചെയ്തതിന്റെ വിശദാംശങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-25 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം തിടനാട് ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ള പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റികൈക്കൊള്ളേണ്ടതാണ്.ഈ വിഷയം ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ പഞ്ചായത്തിൽ 2010-15 കാലയളവിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിരുന്നുവെന്ന് നിലവിലെ പ്രസിഡണ്ട് അറിയിച്ചു.എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ

ഇപ്രകാരമൊരു അക്കൗണ്ടിന്റെ വിവരം ഇല്ല.നിലവിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിരുന്നുവെങ്കിൽ ആയത് പുനരുജ്ജീവിപ്പിച്ച് ഫണ്ട് സ്വരൂപിയ്ക്കാൻ വേണ്ട നടപടികളും ,അല്ലാത്തപക്ഷം ദുരിതാശ്വാസ നിധി രൂപീകരിച്ച് ഗ്രാമപഞ്ചായത്തിലെ നിവാസികൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ദുരിതനിവാരണത്തിന് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്.

1-26 കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ അലംഭാവം

2020-21 വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ കമ്മറ്റിയോഗങ്ങളിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിന്കാലതാമസം നേരിടുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കമ്മറ്റി തീരുമാനം നം | തീരുമാനം | ലഭ്യമാക്കേണ്ട വിശദീകരണം |
|---|---|---|---|
| 1 | 13(1)dt 7.1.21 | ഗ്രാമപഞ്ചായത്ത് വക ശ്മശാനത്തിൽ മൃതദേഹം സംരക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വാസികൾക്ക് 500/-രൂപ മറ്റുള്ളവരിൽ നിന്നും 2000/-രൂപയും ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചു.ഇപ്രകാരം ബൈലോ തയ്യാറാക്കി പഞ്ചായത്തുഡയറക്ടറുടെ അനുമതി വാങ്ങുന്നതിന് തീരുമാനിച്ചു | ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങാത്തതിന് വിശദീകരണം |
| 2 | 17.2.21 ലെ 6(1) | നിലവിൽ പ്രവർത്തന രഹിതമായി കിടക്കുന്ന സോഡിയം വേപ്പർ ലാമ്പുകൾ അടക്കമുള്ള പരമ്പരാഗത ലൈറ്റുകൾ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് തീരുമാനിച്ചു.നിയമാനുസൃതമായി ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. | അഴിച്ചുമാറ്റിയ സോഡിയം വേപ്പർ ലാമ്പുകൾ ലേലം ചെയ്യാത്തതിന് വിശദീകരണം |
| 3 | 17.2.21 ലെ 19(1) | ആറാം ധനകാര്യകമ്മീഷന്റെ തനതുവരുമാനം വർദ്ധിപ്പിക്കണമെന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ട്രീറ്റ് ലൈറ്റ് കുടിവെള്ള വിതരണം തുടങ്ങിയ സേവനങ്ങളുടെ തുടർ നടത്തിപ്പിനായി സേവനനികുതിഏർപ്പെടുത്താവുന്നതാണെന്ന്കമ്മീഷനെ അറിയിച്ചു തീരുമാനിച്ചു | പരാമർശിത തീരുമാനം നടപ്പിലാക്കാത്തതിന് വിശദീകരണം |
| 4 | 24.9.20 ലെ 1(3) | പകൽ വീട് കെട്ടിടത്തിന് നമ്പർ നൽകുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടുള്ളതിനാൽ കെട്ടിടത്തിന് നമ്പർ നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി | പകൽ വീട് കെട്ടിടത്തിന് നമ്പർ നൽകി ടി കെട്ടിടത്തിൽ പകൽ വീട് ആരംഭിക്കാത്തതിന് വിശദീകരണം |

കമ്മറ്റിയെടുത്ത മേൽപറഞ്ഞ തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10)താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1)കോവിഡ്19 ന്റെ സാഹചര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് സാധിച്ചില്ല.തീരുമാനപ്രകാരമുള്ള തുടർ നടപടികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതാണെന്ന് അറിയിച്ചിരുന്നു.

2)സോഡിയം വേപ്പർ ലാമ്പുകൾ, അഴിച്ചുമാറ്റിയ മറ്റ് ഉപകരണങ്ങൾ എന്നിവയുടെ വാല്യുവേഷൻ

എടുക്കുന്നതിനായി തുടർ നടപടികൾ കാലതാമസം കൂടാതെ എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3)ടി തീരുമാനം നടപ്പാക്കുന്നതിനു കാലതാമസം നേരിട്ടത് ടി പഞ്ചായത്ത് പ്രദേശത്ത് കോവിഡ് 19മഹാമാരി കൂടുതലായി ബാധിച്ചതിനാൽ ജനങ്ങൾക്ക് അധികഭാരം ചുമത്തുന്നതിനാലാണ് കമ്മിറ്റിതീരുമാനം നടപ്പിലാക്കാൻ കാലതാമസം നേരിട്ടത്.ടി വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിരുന്നു.

കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-27 കോവിഡ് പ്രതിരോധപ്രവർത്തനം -അവലോകനം

കോവിഡ് 19 നോടനുബന്ധിച്ച കോവിഡ് കെയർ സെന്റർ ഗ്രാമപഞ്ചായത്ത് പരിധിയിലെ എം.ഇ.എസ് കോളേജിൽ കോവിഡ് വ്യാപനത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ആരംഭിക്കുകയും പിന്നീട് സിഎഫ്.എൽ.ടി.സി യായി പ്രവർത്തനം തുടരുകയുണ്ടായി. കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തിന് 31-03-2021 വരെയുള്ള ചെലവ് 673331 രൂപയാണെന്ന് ഇതു സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുന്നു.സി.എഫ്.എൽ.ടി.സി ആരംഭിക്കുന്നതുൾപ്പെടെ പ്രാരംഭചെലവുകൾക്കായി കോട്ടയം ജില്ലാ ദുരന്തനിവാരണ അതോറിട്ടിയുടെ 05-10-2020ലെ ഉത്തരവ് DM.1-6182/2020/CZ പ്രകാരം 200000/ രൂപ അനുവദിച്ചത് എസ്.ബി.ഐ.തനത് ഫണ്ട് അക്കൗണ്ടിൽ 18-11-2020 ൽ ക്രെഡിറ്റ് ചെയ്തു. മികച്ച രീതിയിലുള്ള കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-28 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡിപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം,കുഴൽ കിണർ മെയിന്റനൻസിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 650,000/-രൂപ നിക്ഷേപിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഡിപ്പോസിറ്റ് ചെയ്ത തുക | ബിൽ നം./തീയതി |
|---|---|---|
| വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണംS0235/21 | 550,000 | 40/21 തീ 17.3.21 |
| വിവിധ വാർഡുകളിൽ കുഴൽ കിണർ മെയിന്റനൻസ്S0237/21 | 100,000 | 41/21 തീ 17.3.21 |
| ആകെ | 650,000 | |

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച 650,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച്

തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. 150120105 Sale Of Empties And Waste Materials എന്ന ഹെഡിൽ 2019 -20ൽ 27494 രൂപയും20-21 ൽ 48786 രൂപയും പഞ്ചായത്ത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. കൂടാതെ ടാർവീപ്പകളുടെ വിലയോടൊപ്പം ഈടാക്കിയിട്ടുള്ള 18% ജി.എസ്.റ്റിയും തനത് ഫണ്ട് അക്കൗണ്ടിൽത്തന്നെയാണ് സൂക്ഷിച്ചിരിക്കുന്നത്. ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റിയും തിരിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-30 നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല

2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6)പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം അംഗീകരിച്ച പി എസി യുടെ 1% പിഴ ഈടാക്കിയും കരാർ ചമക്കുന്നതിന് അനുവദിക്കാവുന്നതാണ് .എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും പിഴ ഈടാക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു

| ക്രമ നം | പ്രോജക്ട്, പ്രോജക്ട് നമ്പർ കരാറുകാരൻ കരാർനമ്പർ/തീയതി കരാർ തുക | സെലക്ഷൻ നോട്ടീസ് അയച്ച/കൈപ്പറ്റിയ തീയതി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റി പിഴയില്ലാതെ കരാർ വയ്ക്കാവുന്ന അവസാന തീയതി | പിഴയോടു കൂടി കരാർ വയ്ക്കാവുന്ന അവസാന തീയതി | പിഴ 1% നിരക്കിൽ | ബിൽ തുക ,ബിൽ നം./തീയതി |
|---|---|---|---|---|---|---|
| 1 | 188/21<br>ഷാജി മാത്യു<br>മൈലാടി മൂഴകോളനി തോട്ടക്കടവ് റോഡ് കോൺക്രീറ്റിംഗ്<br>54 /AE/LSGD /2019-20/19.12.19<br>356870 | 2.12.19 | 16.12.19 | 25.12.2019 | 3570 | 366781<br>48/18.11.20 |
| 2 | 134/21<br>പൊട്ടൻകുളം മൂന്നാം മൈൽ റോഡ് റീ കോൺക്രീറ്റിംഗ്<br>സജി.എം.എം.<br>34/AE/LSGD /2019-20/3.12.19 | 11.11.19 | 25.11..19 | 5.12.2019 | 2420 | 270708<br>6/17.4.20 |

| | | | | | | |
|---|---|---|---|---|---|---|
| | 241900 | | | | | |

കരാർ വെക്കുന്നതിന് കാലതാമസം നേരിട്ടതിന് ഈടാക്കേണ്ട പിഴ കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പിഴ ഈടാക്കുന്നതാണെന്ന് മറുപടി നല്കി. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-31 വാര്യാനിക്കാട് അങ്കണവാടി മെയിന്റനൻസ് - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 131 / 20-21<br>വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| കരാറുകാരൻ | സുരേഷ് ബാബു |
| കരാർനമ്പർ/തീയതി | 59/AE/LSGD/18-19 Dt.8.3.2019 |
| അടങ്കൽ | 635000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം ) |
| നികുതി അടക്കം ആകെ ചെലവ് | 622911 /- |
| കരാറുകാരന് നല്കിയ തുക | 590942 /- |
| ബിൽ നം./തീയതി | 3/17.4.20<br>17/17.4.20 |

വിവിധ അങ്കണവാടികളുടെ മെയിന്റനൻസിനായി തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം 5 അങ്കണവാടികളുടെ മെയിന്റനൻസ് നടത്തിയിട്ടുണ്ട്. 7-ാം വാർഡിലെ വാര്യാനിക്കാട് അങ്കണവാടിയിൽ (69 -ാം നം) നടത്തിയ ഭൗതിക പരിശോധനയിൽ റൂഫിംഗ് നടത്തിയതിൽ അപാകത ശ്രദ്ധയിൽപ്പെട്ടു. അങ്കണവാടിയുടെ മുൻഭാഗം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് നടത്തുകയും പി.വി.സി പാനൽ ബോർഡ് ഉപയോഗിച്ച് സീലിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ റൂഫിംഗ് നടത്തിയതിലെ അപാകത മൂലം റൂഫിംഗിനിടയിൽക്കൂടി വെള്ളം ഒലിച്ചിറങ്ങുകയും സീലിംഗ് ഇളകി താഴെ വീഴുകയും ചെയ്തതായി കാണുന്നു. നിലവിൽ സീലിംഗ് മുഴുവനും ഇളക്കി മാറ്റി ഒരു വശത്ത് സൂക്ഷിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു..ആയതിനാൽ ടി അങ്കണവാടിയുടെ മെയിന്റനൻസിനായി ചെലവഴിച്ച 44621രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കരാറുകാരന്റെ നഷ്ടോത്തരവാദിത്ത്വത്തിൽ അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

പ്രവൃത്തിയുടെ കരാർ പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം വീതം പിഴ ചുമത്തിക്കൊണ്ട് മാത്രമേ കാലാവധി നീട്ടിക്കൊടുക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .എന്നാൽ ടി പ്രവൃത്തി നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാർ തുക | 568811 |

| | |
|---|---|
| പൂർത്തീകരണ സമയം | 6 മാസം |
| സൈറ്റ് കൈമാറിയ തീയതി | 8.3.19 |
| പൂർത്തീകരിച്ച തീയതി | 10.3.20 |
| പൂർത്തീകരിക്കേണ്ട തീയതി | 7.9.19 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 13.10.19 (36 ദിവസം -ദീർഘീകരണത്തിന് അപേക്ഷ നല്കിയിട്ടില്ല) |
| ഈടാക്കേണ്ടിയിരുന്ന പിഴ | 12.1.20 വരെ 1% - 5688രൂപ<br>10.3.20 വരെ 2%- 7331 രൂപ<br>(58/90*11376)<br>ആകെ -13019 |

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനുള്ള പിഴയായ 13019 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 24.11.21- 25.11.21 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | സുഭിഷ കേരളം സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് | 100000 | 0 |

| | | | | |
|---|---|---|---|---|
| | | സബ്സിഡി (പ്രൊജക്റ്റ് നം-221/21) | | |
| | 100000 | പാലിയേറ്റീവ് കെയർ വേതനവും അനുബന്ധച്ചെലവുകളും (പ്രൊജക്റ്റ്-10/21) | 100000 | 0 |
| | 630000 | ലൈഫ് ഭവനപദ്ധതി ജനറൽ(പ്രൊജക്റ്റ്-8/21) | 630000 | 0 |
| | 585000 | ലൈഫ് ഭവനപദ്ധതി എസ് സി(പ്രൊജക്റ്റ്-9/21) | 585000 | 0 |
| | 80000 | ലൈഫ് ഭവനപദ്ധതി എസ് ടി(പ്രൊജക്റ്റ്-23/21) | 80000 | 0 |
| | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(പ്രൊജക്റ്റ് നം-21/21) | 100000 | 0 |
| | | | | |
| ജില്ലാ പഞ്ചായത്ത് | 1240000 | ലൈഫ് ഭവനപദ്ധതി ജനറൽ(പ്രൊജക്റ്റ്-8/21) | 12400000 | 0 |
| | 887800 | ലൈഫ് ഭവനപദ്ധതി എസ് സി(പ്രൊജക്റ്റ്-9/21) | 887800 | 0 |
| | 296000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(പ്രൊജക്റ്റ് നം-60/21) | 296000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽവൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (പ്രൊജക്റ്റ് നം-172/21) | 19872 | 0 | 19872 |

| | | | | |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമാണം (പ്രൊജക്ട് നം-235/21) | 550000 | 0 | 550000 |
| | വിവിധ വാർഡുകളിൽ കുഴൽക്കിണർ മെയിന്റനൻസ് (പ്രൊജക്ട് നം-237/21) | 100000 | 0 | 100000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ലൈഫ് ഭവന പദ്ധതിയ്ക്ക് വേണ്ടി KURDFC യിൽ നിന്നും അനുവദിച്ച ലോൺ | 24821728 | 3080000 | 2195136 | 25706592 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| രജിസ്റ്ററിൽ വിവരങ്ങൾ ലഭ്യമായില്ല | ലഭ്യമല്ല | 38955 | കെ.ഇ.തോമസുകുട്ടി, ഹെഡ് ക്ലർക്ക് | 120010102093/ 31.12.2020 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ | തുക (രൂപ) |
|---|---|---|---|---|---|---|
| 1999-00 | 10(b) | 2003-04 | പേജ് 63 | നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് 50,000 രൂപ മുൻകൂർ നൽകി | | 50000 |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72124340 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 79293371 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 941943 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 100000 | മുഹമ്മദ് റഖീബ്,സെക്രട്ടറി |
| 1-21 | 147322 | ഡോ. ജിസ് ഫ്രാൻസിസ്, എം.ഒ. പിഎച്ച്സി |
| 1-28 | 650,000 | മുഹമ്മദ് റഖീബ്,സെക്രട്ടറി |
| 1-31 | 44621 | സൈജു ഒ.ബി.,അസി.എഞ്ചിനീയർ |
| ആകെ | 941943 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹമ്മദ് റഖീബ്, സെക്രട്ടറി | സെക്രട്ടറി ,കങ്ങഴ ഗ്രാമ പഞ്ചായത്ത് | ഋങ്ങംപറമ്പിൽ, പത്തനാട്, കങ്ങഴ പി.ഒ. |
| ഡോ. ജിസ് ഫ്രാൻസിസ്, എം.ഒ. പിഎച്ച്സി | എം.ഒ. പിഎച്ച്സി, തിടനാട് | മൂന്നമാക്കൽ, കിഴതടിയൂർ |
| സൈജ്ജ ഒ.ബി.,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | ഗൗരീശം, പാലപ്പൂർ,വെള്ളായനി പി.ഒ., തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 98-99 ചെലവ് | കെഎസ്എ.കെടിഎം.പി.14-അദാ./18/207(1)/02.02.18 | |
| 99-2000 ചെലവ് | കെഎസ്എ.കെടിഎം.പി.14-അദാ./18/207(2)/02.02.18 | |
| 2000-01, 2001-02 | എൽ.എഫ്.കെ.പി.7/17 /04/3.2.03 | |
| 2002-03 ചെലവ് | എൽഎഫ്.പി.7/184/05/7.5.07 | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (5)/25.8.11 | |
| 96-97വരവ് | എൽ.എഫ്.കെ.പി.3/913/ 07/21.11.08 | |
| 1997-98 വരവ് | എൽ.എഫ്.കെ.പി.3/914 /07/20.4.09/ 12.6.09 | |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി.3/919 /07/20.4.09 | |
| 2001-02 | എൽ.എഫ്.കെ.പി.3/918 /07/20.4.09 | |

| | | |
|---|---|---|
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/920 /07/20.4.09 | |
| 2003-04 വരവ് | എൽ.എഫ്.കെ.പി.1/960/അദാ (സി)/2011 (6)/ 25.8.11 | 2 |
| 2004-05 | എൽ.എഫ്.കെ.പി.1/960/അദാ (സി3)/2011 (7)/ 25.8.11 | 03 |
| 2005-06 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (8)/25.8.11 | 05 |
| 2006-07 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (9)/25.8.11 | 03 |
| 2007-08 | എൽ.എഫ്.കെ.പി.2/344 /12/8.5.12 | |
| 2008-09 | എൽ എഫ്.കെ.പി.2/444 /11/30.4.13 | 11 |
| 2009-10 | എൽ.എഫ്.കെ.പി.2/445 /11/8.2.13 | |
| 2010-11, 11-12 | എൽ.എഫ്.കെ.പി.2/817 /13/3.12.13 | |
| 2012-13 | എൽ.എഫ്.കെ.പി.2/1469/14/ 4.3.15 | 14 |
| 2013-14 | കെ.എസ്.എ- കെ.ടി.എം.പി.2/1669/ 15/15.4.16 | 16 |
| 2014-15 | കെ.എസ്.എ- കെ.ടി.എം.പി.2/1049/ 16/03.04.17 | 08 |
| 2015-16 | കെ.എസ്.എ- കെ.ടി.എം.പി.2/1047 /17/24.02.18 | |
| 2016-17 | കെ.എസ്.എ- കെ.ടി.എം.പി.14-988/17 /23.02.18 | 19 |
| 2017-18 | കെ.എസ്.എ- കെ.ടി.എം.പി.14/2067 /18/27.04.19 | 17 |
| 2018-19 | കെ.എസ്.എ- കെ.ടി.എം.പി.14/1012 /19/10.02.2020 | 16 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്